**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303** **30-07-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് തീരദേശ പരിപാലനത്തിനായി വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പന്ത്രണ്ടായിരം കോടിയോളം രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പിന് തീരദേശ പരിപാലനത്തിനായി 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ 1321.21 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1258.52 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇടരെ ഉണ്ടാകുന്ന കടലാക്രമണത്തിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായുള്ള തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ NABARD RIDF XXVI ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രമായ പദ്ധതി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിരുന്നോ; എങ്കിൽ ഏതൊക്കെ പദ്ധതികളുടെ രൂപരേഖയാണ് തയ്യാറാക്കിയത് എന്ന് വിശദമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പിന് തീരദേശ പരിപാലനത്തിനായി 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ 1321.21 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1258.52 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇടരെ ഉണ്ടാകുന്ന കടലാക്രമണത്തിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായുള്ള തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ NABARD RIDF XXVI ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രമായ പദ്ധതി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (സി) | തുടരെ ഉണ്ടാകുന്ന കടലാക്രമണത്തിൽ നിന്നും തീരദേശത്തെ സംരക്ഷിക്കാൻ സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | കിഫ്ബി ധനസഹായത്തോടെ തെരെഞ്ഞെടുത്ത തീരപ്രദേശങ്ങളിൽ ചുവടെ പറയുന്ന തീര സംരക്ഷണ പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## കിഫ്ബി - തീരസംരക്ഷണ പ്രവൃത്തികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | ജില്ല | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിലെ തെക്ക് ഭാഗത്ത് ബീച്ച് സ്റ്റെബിലൈസേഷൻ പ്രവൃത്തി | 1347.00 | കാസർ ഗോഡ് | 17 ഗ്രോയിനിൽ 9 എണ്ണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഗ്രോയിൻ-1 - 90% പൂർത്തീകരിച്ചു. ഗ്രോയിൻ-2, 3, 4 & 6 - 80% പൂർത്തീകരിച്ചു. ഗ്രാനൈറ്റിന്റെ ദൗർലഭ്യം ഉണ്ടെങ്കിലും ത്വരിതഗതി യിൽ നിർമ്മാണം പൂർത്തീ കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | കണ്ണൂർ തലായ് ഫിഷിംഗ് ഹാർബറിലെ അഡീഷണൽ ഗ്രോയിൻ നിർമ്മാണം | 348.00 | കണ്ണൂർ | നിർമ്മാണം പൂർത്തീകരിച്ചു |
| 3 | ചേറ്റുവ ഫിഷിംഗ് ഹാർബറിലെ തെക്ക് ഭാഗത്തെ ഗ്രോയിൻ നിർമ്മാണം | 686.00 | തൃശ്ശൂർ | തൃശ്ശൂർ ഗ്രോയിൻ - 3 - പൂർത്തീകരിച്ചു. ഗ്രോയിൻ - 1 & 2 നിർമ്മാണം ആരംഭഘട്ടത്തിലാണ്. |
| 4 | കൊല്ലം ബീച്ച് മുതൽ താന്നി | 3508.00 | കൊല്ലം | 8225 എണ്ണം ടെട്രാപോഡ് |

| | | | | |
|---|---|---|---|---|
| | വരെയുള്ള തീരസംരക്ഷണ പ്രവൃത്തി | | | കാസ്റ്റിംഗിൽ 2880 എണ്ണം പൂർത്തീകരിച്ചു. 23 ഗ്രോയിനിൽ ഗ്രോയിൻ - 8, 9, 14 & 16 - 80% പൂർത്തീകരിച്ചു. ഗ്രോയിൻ - 10, 11, 13 & 17 70% പൂർത്തീകരിച്ചു. ഗ്രോയിൻ - 19, 20 60% പൂർത്തീകരിച്ചു. ഗ്രോയിൻ - 12 & 21 - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാറയുടെ ലഭ്യത കുറവ് കാരണം നിർമ്മാണ പ്രവൃത്തി സാവധാന ത്തിലാണ് നിലവിൽ നടക്കുന്നത്. പാറ ലഭ്യമാക്കു ന്നതിനെപ്പറ്റി ജില്ലാ കളക്ടറുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു. |
| 5 | മുതലപ്പൊഴി ഫിഷിംഗ് ഹാർബർ- താഴമ്പള്ളി സൈഡ്, കഠിനംകുളം കായലിലെ തീരസംരക്ഷണ പ്രവൃത്തി | 1831.00 | തിരുവനന്തപുരം | നിർമ്മാണ പ്രവൃത്തിക്ക് ലഭ്യമായ നിരക്ക് LMR നിരക്കിനേക്കാൾ കൂടി നിൽക്കുന്നതിനാൽ ടി പ്രവൃത്തിയ്ക്കായി പാറ ഒഴിവാക്കി കൊണ്ടുള്ള ബദൽ രൂപരേഖ തയ്യാറാക്കു |

| | | | | |
|---|---|---|---|---|
| | | | | ന്നതിനുള്ള നടപടി സ്വീകരിച്ചു. |
| 6 | പൂന്തുറ തീരസംരക്ഷണ പ്രവൃത്തി | 1957.434 | തിരുവനന്തപുരം | നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തീരദേശ വികസന കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി കടൽ ശാന്തമാകുന്ന മുറയ്ക്ക് 2021 സെപ്റ്റംബർ മാസത്തോട്ടു കൂടി ആരംഭിക്കുന്നതാണ ്. കൂടാതെ ജിയോ ട്യൂബിൻറെ പരിശോധന ചെന്നൈ ഐ.ഐ.റ്റി.യിൽ നടന്നു വരുന്നു. |
| | | ആകെ 9677.434 | | |